(എ) ഭാരത് നിർമ്മാൺ പദ്ധതി പ്രകാരമുള്ള ഗ്രാമീണ അടിസ്ഥാന സൗകര്യവികസന പദ്ധതി സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം പദ്ധതികളാണ് സംസ്ഥാനത്ത് ഇതനുസരിച്ച് രൂപം കൊടുത്തിട്ടുള്ളതെന്ന് പറയുമോ;

(സി) ഇതിനുവേണ്ടി എത്ര തുകയുടെ നിക്ഷേപം ആവശ്യമായി വരും എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഗ്രാമവികസന വകുപ്പിൽ നിന്നും ഭവന നിർമ്മാണവും റോഡുകളുടെ പുനരുദ്ധാരണവുമാണ് ഏറ്റെടുത്ത് നടത്തുന്നത്.

(സി) കണക്കാക്കിയിട്ടില്ല.

എസ്.ജി.ആർ.വൈ. ഫണ്ട് വിതരണം

27(1501) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി ദുരിതാശ്വാസവുമായി ബന്ധപ്പെട്ട് എസ്.ജി.ആർ.വൈ. ഫണ്ട് വിതരണത്തിന്റെ (സ്പെഷ്യൽ) വിശദവിവരം ലഭ്യമാക്കാമോ;

(ബി) സുനാമി ദുരിതാശ്വാസ പ്രവർത്തനത്തിന് എത്ര ടൺ അരിയാണ് തൃശ്ശൂർ ജില്ലയിൽ വിതരണം ചെയ്തത് എന്നും അവ എന്തെല്ലാം പ്രവർത്തികൾക്കാണെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) 2004-2005-ൽ 150 ലക്ഷം രൂപയാണ് സുനാമി ദുരിതാശ്വാസമായി അനുവദിച്ചിട്ടുള്ളത്.

1. കൊല്ലം	-	50 ലക്ഷം
2. കണ്ണൂർ	-	25 ലക്ഷം
3. എറണാകുളം	-	25 ലക്ഷം
4. ആലപ്പുഴ	-	25 ലക്ഷം
5. തിരുവനന്തപുരം	-	25 ലക്ഷം
ആകെ	-	150 ലക്ഷം

GPM.2/571/2015—10

LIBRARY ARCHIVES Kerala Legislative Assembly

(ബി) സുനാമി ദുരിതാശ്വാസ പ്രവർത്തനത്തിന് തൃശ്ശൂർ ജില്ലയിൽ 1000 ടൺ അരി അനുവദിച്ചിട്ടുണ്ട്. ഏറ്റെടുത്ത പ്രവൃത്തികളുടെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

എ.ആർ.വൈ. പദ്ധതി നടത്തിപ്പ്

28(1502) ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ബ്ലോക്ക് പഞ്ചായത്തുകളുടെ ആഭിമുഖ്യത്തിൽ എ.ആർ.വൈ. പദ്ധതി പ്രകാരം എന്തെല്ലാം പ്രവർത്തനങ്ങളാണ് നടന്നുവരുന്നത് എന്ന് വിശദമാക്കുമോ?

ഉത്തരം

ഗ്രാമവികസന വകുപ്പിൽ എ.ആർ.വൈ. പദ്ധതി നടപ്പിലാക്കുന്നില്ല.

തൃശ്ശൂർ ജില്ലയിലെ ആർ.ഐ.ഡി.എഫ്. പദ്ധതികൾ

29(1503) ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ നബാർഡിന്റെ സഹായമുള്ള ആർ.ഐ.ഡി.എഫ്. പദ്ധതികളിലെ എത്ര റോഡുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ചേർപ്പ്, അന്തിക്കാട് ബ്ലോക്കുകളിൽ ആർ.ഐ.ഡി.എഫിൽ എത്ര വർക്കുകൾ ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) ചേർപ്പ് ബ്ലോക്കിൽ ശാസ്താംകടവ്-മനക്കൊടി റോഡിന്റെ നിർമ്മാണം പകുതിയിൽ നിർത്തിയതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) ഈ റോഡിന്റെ നിർമ്മാണത്തിന് എത്ര സംഖ്യ ചെലവഴിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ഇ) ഈ റോഡിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തൃശ്ശൂർ ജില്ലയിൽ നബാർഡ് ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെട്ട 17 റോഡുപ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്.

---

† അനുബന്ധം - VI

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VI

[നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 27(1501) കാണുക]

ക്രമ നമ്പർ	പഞ്ചായത്തിന്റെ പേര്	ഏറ്റെടുത്തിട്ടുള്ള പ്രവൃത്തികൾ	അനുവദിച്ച ഭക്ഷ്യധാന്യം (മെട്രിക് ടൺ)
1	തൃശ്ശൂർ ജില്ലാ പഞ്ചായത്ത്	അഴീക്കോട് മുനമ്പം ഫെറി ചെളി നീക്കൽ	160
2	കൊടുങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്ത്	മത്സ്യബന്ധന വല കേട് പാട് തീർക്കൽ	150
3	മതിലകം ബ്ലോക്ക് പഞ്ചായത്ത്	മത്സ്യബന്ധന വല കേട് പാട് തീർക്കൽ	240
4	തളിക്കുളം ബ്ലോക്ക് പഞ്ചായത്ത്	മത്സ്യബന്ധന വല കേട് പാട് തീർക്കൽ	85
5	കൈപ്പമംഗലം ഗ്രാമ പഞ്ചായത്ത്	റോഡ് റിപ്പയറിംഗ്	45
6	വലപ്പാട് ഗ്രാമ പഞ്ചായത്ത്	മത്സബന്ധന വല കേട് പാട് തീർക്കൽ	80
7	എറിയാണ് ഗ്രാമ പഞ്ചായത്ത്	വെള്ളക്കെട്ട് ഒഴിവാക്കൽ (4 എണ്ണം)	38
8	എടതിരുത്തി ഗ്രാമ പഞ്ചായത്ത്	റോഡ് പുനരുദ്ധാരണം (1 എണ്ണം)	40
9	മേത്തല ഗ്രാമ പഞ്ചായത്ത്	റോഡ് പുനരുദ്ധാരണം (7 എണ്ണം)	50
10	ഒരുമനയൂർ ഗ്രാമ പഞ്ചായത്ത്	റോഡ് പുനരുദ്ധാരണം (1 എണ്ണം)	35
11	കടപ്പുറം ഗ്രാമ പഞ്ചായത്ത്	റോഡ് പുനരുദ്ധാരണം (1 എണ്ണം)	22
12	എസ്.എൽ.പുരം ഗ്രാമ പഞ്ചായത്ത്	റോഡ് പുനരുദ്ധാരണം വെള്ളക്കെട്ട് ഒഴിവാക്കൽ പുഛശ്വസംരക്ഷണം (28 പ്രവൃത്തി)	21
13	മതിലകം ഗ്രാമ പഞ്ചായത്ത്	വെള്ളക്കെട്ട് ഒഴിവാക്കൽ (1 എണ്ണം)	34

LIBRARY ARCHIVES Kerala Legislative Assembly